നമ്പർ. സി3/21055/ റ്റിസി/2008

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയതി, 18.10.2012

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ് - വിദ്യാർത്ഥികളുടെ ബസ്സ് കൺസഷൻ കാർഡ് പരിഷ്കരണം - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.**

സൂചന :- സർക്കാരിന്റെ 05.10.2012-ലെ 11353/ബി1/2012/ഗതാഗതം നമ്പർ കത്ത്.

പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്ന കൺസഷൻ കാർഡുകൾ പരിഷ്കരിക്കുന്നതിന് സർക്കാർ, ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഫെയർ റിവിഷൻ കമ്മിറ്റി പരിഷ്കരിച്ച കൺസഷൻ കാർഡിന്റെ ഫോർമാറ്റ് സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത ഫോർമാറ്റ് സർക്കാർ അംഗീകരിച്ചതായി സൂചന പ്രകാരം അറിയിച്ചിരിക്കുകയാണ്. പരിഷ്കരിച്ച കൺസഷൻ കാർഡിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. അടുത്ത അധ്യയന വർഷം മുതൽ ഈ ഫോർമാറ്റിൽ മാത്രമേ പ്രൈവറ്റ് ബസ്സിൽ യാത്ര ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുവാൻ പാടുള്ളൂ. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ജില്ലാതല സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം ഉടൻ തന്നെ വിളിച്ചു ചേർക്കേണ്ടതും പരിഷ്കരിച്ച രീതിയിലുള്ള കൺസഷൻ കാർഡുകൾ അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത

കൺസഷൻ കാർഡുകൾ സ്ഥാപന മേധാവികൾക്ക് നൽകേണ്ടതും സ്ഥാപന മേധാവികൾ പൂരിപ്പിച്ച് വിദ്യാർത്ഥികളുടെ ഫോട്ടോയും ഒപ്പും പതിച്ച ശേഷം അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ഏൽപ്പിക്കേണ്ടതുമാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ഒപ്പിട്ട ശേഷം സ്ഥാപന മേധാവികൾ വഴി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. ഒരു കാരണവശാലും കൺസഷൻ കാർഡുകൾ, പ്രൈവറ്റ് ബസ്സ് ഓപ്പറേറ്റേഴ്സ് വഴി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ പാടില്ലാത്തതാകുന്നു. വിദ്യാർത്ഥികൾക്ക് പ്രൈവറ്റ്/കെ.എസ്.ആർ.ടി.സി ബസ്സുകളിലെ ജീവനക്കാരിൽ നിന്നുമുണ്ടാകുന്ന ബുദ്ധിമുട്ടുകളും സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗത്തിൽ വച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്


ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,

ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി.

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.

എസ്.എം.



Card ID No. 123456789012345

STUDENT CONCESSION CARD

PRIVATE BUS

Signature of the Student

*Name*

*Date of Birth* *Age* ........*yrs*

*Name of the Institution*


*Course of Study*

*Duration of the Course*

*Concession Route* ..........................................*To*
..........................................

*Date of Issue*

*Date of Expiry*



Address for Communication

☎:...........................Mob:...........................

Name & Address of the Institution

☎:...........................

Signature & Official Seal of the Issuing Officer

Finder please report to Regional Transport Office.